പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1927 — 5/10/2016 ൽ മറുപടിക്ക്

**ഗോവർദ്ധിനി പദ്ധതി**

ചോദ്യം

ശ്രീ. **പി.ടി. തോമസ്**

**ശ്രീ.ഷാഫി പറമ്പിൽ**

ശ്രീ. **ഐ.സി.ബാലകൃഷ്ണൻ**

ശ്രീ. **റോജി എം. ജോൺ**:

മറുപടി

അഡ്വ .കെ.രാജു

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് ഗോവർദ്ധിനി പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ; | എ | നടപ്പാക്കി വരുന്നുണ്ട്. ഒരു പശുക്കുട്ടിയെ 4-30 മാസം പ്രായം വരെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് ആവശ്യമായ ചെലവിന്റെ പകുതി പരിധിക്ക് വിധേയമായി സർക്കാരിന്റെ വികസന ഫണ്ടിൽ നിന്നും ധനസഹായം നൽകുന്ന പദ്ധതിയാണ് ഗോവർദ്ധിനി |
| ബി | കന്നുകുട്ടികളുടെ പരിപാലനത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി | പോഷകാഹാരം നൽകുക, പശുക്കുട്ടിയെ ഇൻഷ്വർ ചെയ്യുക, ആവശ്യമായ വെറ്ററിനറി സഹായം നൽകുക, കർഷകന് ശാസ്ത്രീയ പരിശീലനം നൽകുക, പുൽകൃഷിക്ക് പ്രോത്സാഹനം നൽകുക എന്നീ കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| സി | പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് കന്നുകുട്ടി പരിപാലനത്തിനായി നൽകുന്നത്; വിവരിക്കുമോ; | സി | 1. കന്നുകുട്ടികളുടെ തീറ്റയുടെ പകുതിവില പരിധിക്ക് വിധേയമായി ധനസഹായം നൽകുന്നു.<br>2. പശുക്കുട്ടിയെ 4-32 മാസം വരെ ഇൻഷ്വർ ചെയ്യുന്ന പ്രീമിയം തുകയുടെ പകുതി ധനസഹായം നൽകുന്നു.<br>3. കർഷകന് ശാസ്ത്രീയ പരിശീലനം നൽകുകയും 100 രൂപ പരിശീലന ബത്ത നൽകുകയും ചെയ്യുന്നു.<br>4. ആവശ്യമായ വെറ്ററിനറി സഹായം നൽകുന്നു.<br>5. പുൽകൃഷിക്ക് പ്രോത്സാഹനം നൽകുന്നു. |
| ഡി | പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര കന്നുകുട്ടികളെ എൻറോൾ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ? | ഡി | 2016-17 വർഷത്തിൽ സംസ്ഥാനത്ത് 47760 പശുക്കുട്ടികളെ പദ്ധതിയിൽ വരി ചേർക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിൽ പകുതിയോളം വരി ചേർക്കു കഴിഞ്ഞു. ശേഷിക്കുന്നവയെ വരി ചേർക്കാനു പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ